ടെണ്ടറിൽ (2010) പതിനാല് പേർ RFQ വാങ്ങിയതിൽ പന്ത്രണ്ടുപേർ യോഗ്യത നേടുകയും രണ്ടുപേർ RFP സമർപ്പിക്കുകയും ചെയ്തു. ഇതിൽ സുരക്ഷാനുമതി ലഭിച്ച ഏക കമ്പനിയുടെ (വെൽസ്പൺ കൺസോർഷ്യം) ടെണ്ടർ സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടില്ല. നാലാമത്തെ ടെണ്ടറിൽ അഞ്ച് കമ്പനികൾ RFQ വാങ്ങുകയും യോഗ്യത നേടുകയും ചെയ്തു. ഇതിൽ മൂന്ന് കമ്പനികൾ RFP വാങ്ങുകയും ഇതിൽ ഒരു കമ്പനി (അദാനി പോർട്ടസ് & സ്പെഷ്യൽ എക്നോമിക് സോൺ ലിമിറ്റഡ്) ബിഡ് സമർപ്പിക്കുകയും ചെയ്തു. ഇതുസംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പദ്ധതിയുടെ സർക്കാർ ചെലവാക്കുന്ന ഫണ്ടഡ് വർക്കിന്റെ തുക 1463 കോടി രൂപയാണ്. പി.പി.പി. ഘടകത്തിന്റെ തുക 4089 കോടി രൂപയാണ്. ഇതിൽ 1635 കോടി രൂപ വി.ജി.എഫ്. ആയി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കൂടി നൽകേണ്ടതുണ്ട്. ഫണ്ടഡ് വർക്കിന്റെയും പി.പി.പി. ഘടകത്തിന്റെയും കൂടി മൊത്തം തുക 5552 കോടി രൂപയാണ്. ഇതിനുപുറമെ സ്ഥലമേറ്റെടുപ്പ് മറ്റ് പുറമെയുള്ള അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് 1973 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്.

ആഫീസിൽ ഏറ്റവും കൂടുതൽ ദിവസം ഉണ്ടായിരുന്ന മന്ത്രിമാർ

19(19) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ഭരണകാലത്തെ മന്ത്രിമാരിൽ, മന്ത്രി ആഫീസിൽ ഏറ്റവും കൂടുതൽ ദിവസം ഉണ്ടായിരുന്ന മന്ത്രിമാർ ആരൊക്കെയായിരുന്നു; ഏതെല്ലാം മന്ത്രിമാർ എത്ര ദിവസം വീതം മന്ത്രി ആഫീസുകളിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലേർപ്പെടുകയുണ്ടായിട്ടുണ്ട്;

(ബി) ഈക്കാലയളവിൽ നടന്ന കാബിനറ്റ് യോഗങ്ങൾ എത്ര; എല്ലാ കാബിനറ്റ് യോഗങ്ങളിലും പങ്കെടുത്തവർ എത്രയാണ്;

(സി) ഏറ്റവും കുറവ് ദിവസങ്ങൾ മാത്രം മന്ത്രി ആഫീസിലുണ്ടായിരുന്നവർ എത്ര?

<u>ഉത്തരം</u>

(എ) മന്ത്രിമാർ ഓഫീസിൽ ഹാജരാകുന്നതിന്റെ റെക്കോർഡുകൾ സൂക്ഷിക്കുന്ന സമ്പ്രദായം നിലവിലില്ലാത്തതിനാൽ അവർ എത്ര ദിവസം ഹാജരായിരുന്നുവെന്നതിന്റെ കണക്ക് ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(ബി) 18-5-2011 മുതൽ 20-5-2015 വരെ 270 കാബിനറ്റ് യോഗങ്ങൾ നടന്നിട്ടുണ്ട്. മുഖ്യമന്ത്രി എല്ലാ യോഗങ്ങളിലും പങ്കെടുത്തിട്ടുണ്ട്. മറ്റ് മന്ത്രിമാർ പ്രസ്തുത 270 യോഗങ്ങളിൽ ഏതെങ്കിലും ഒരു യോഗത്തിലെങ്കിലും പങ്കെടുക്കാതിരുന്നിട്ടുണ്ട്.

(സി) (എ) പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly